

കുസുമേ കുസുമോല്പത്തി

894.8121
Gop

സി. പി. ഗോപിനാഥൻനായർ

കുസുമേ കുസുമോൽപത്തി

(Malayalam)

Kusume Kusumolpathi

Poems

By C. P. GOPINATHAN NAIR

Public Relations Department

Trivandrum

First Published April 1968

Copies 1000

Printed at

INDIA PRESS, KOTTAYAM

Price Rs. 1.25

Copyright

C. P. Gopinathan Nair

Published by the Author

Distributors:

NATIONAL BOOK STALL

Kottayam Kerala State India

കുസുമേ
കുസുമോൽപത്തി

(കവിതകൾ)

സി. പി. ഗോപിനാഥൻനായർ

16170



വിതരണം

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 1.25

സി. പി. ഗോപിനാഥൻനായരുടെ

കൃതികൾ

കുസുമേ കുസുമോൽപത്തി
കൊച്ചുരുവികയം
പൂവും നീരും

894.8121 GOP

S871 D64/67-68 1–1000 MY 154

അവതാരിക

ആത്മാവിഷ്കരണമാണ് കവിത. പ്രകൃതിയുമായുള്ള നിരന്തരസമ്പർക്കത്തിൽനിന്നു സഞ്ചയിക്കപ്പെട്ടുന്ന അനുഭൂതികൾ സഹൃദയത്തിൽ ഉളവാക്കുന്ന ഭാവങ്ങൾക്കു സമുചിതമായ രൂപം നല്കുകയത്രെ കവിധർമ്മം. കവി ഏതിലുംമീതെ ഒരു സൗന്ദര്യാരാധകനാണ്. സൗന്ദര്യത്തിനു് ഊട്ടും പാവുമായി വർത്തിക്കുന്ന ചില മൗലികമൂല്യങ്ങളുണ്ട്. ഇവയെ നന്മയെന്നോ ധർമ്മമെന്നോ പറയുന്നു. ക്രാന്തദർശിയായ കവി ഈ മൂല്യങ്ങളിൽ ദത്തദൃഷ്ടിയായതിനാൽ അയാളുടെ കവിത ജീവിതഗന്ധിയാകാതിരിപ്പാൻ വയ്യ. ജീവിതമെന്ന പദംകൊണ്ടു് ഇവിടെ വിവക്ഷിക്കുന്നതു് അതിന്റെ ഉപരിതലത്തിലെ നുരയും പതയുമല്ല, പ്രത്യുത അടിയൊഴുക്കുകളാണ്.

കവിതയെയും ജീവിതത്തെയും സംബന്ധിച്ച അടിസ്ഥാനതത്വങ്ങളെ വ്യംഗ്യഭംഗ്യാ അനാച്ഛാദനംചെയ്തു കാണിക്കുന്നവയാണ് ഈ സമാഹാരത്തിലെ ഏറെക്കുറെ എല്ലാ കവിതകളും. ഇവിടെ കവി ആദർശങ്ങളുടെയോ ആവശ്യങ്ങളുടെയോ വക്താവല്ല; എന്നാൽ വായനക്കാരിൽ ഉന്നതാദർശങ്ങൾ ഉളവാക്കാനും സുന്ദരവും സുഭദ്രവുമായ ഒരു സാമൂഹ്യജീവിതത്തിന്നാവശ്യമായ ധാർമ്മികചോദനങ്ങൾ ഉത്തേജിപ്പിക്കുവാനും ഈ കവിതകൾക്കു കഴിയും. അങ്ങനെ കാവ്യാസ്വാദനത്തിന്റെ പരമലക്ഷ്യമായ ജീവിതസംസ്കരണത്തിലേക്കു് ഇവനിങ്ങളെ നയിക്കുന്നു.

ഹൃദയത്തിലുണ്ടാകുന്ന സൂക്ഷ്മങ്ങളും നിർമ്മലങ്ങളുമായ ഭാവങ്ങൾക്കു രൂപം നല്കാൻ മി. നായരുടെ തൂലികയ്ക്കുള്ള പാടവത്തിനു് ഇതിലെ മിക്ക കൃതികളും ഉത്തമനിദർശനങ്ങളാണു്. ഉദാഹരണമായി 'തെരുവിലെ മാൻകുട്ടി' എന്ന കവിതയിൽ പുരാതനഭാരതത്തിലെ പുണ്യാശ്രമങ്ങളിലേക്കും അവിടത്തെ വിശ്വപ്രേമാധിഷ്ഠിതമായ സാത്വികജീവിതത്തിലേക്കും കവി ആ മാൻകുട്ടിയിലൂടെ നമ്മുടെ ഭാവനയെ തിരിച്ചുവിടുന്നു. അതിന്റെ മൃദുമേനി തടവുമ്പോൾ,

പാഴ്വള്ളിക്കുടിൽ തിങ്ങുമെന്റെ മനവും
നാനാമുനിശ്രേഷ്ഠസൽ–
ഭാവത്താൽ പരിപൂതമാമുടജമായ്
മാറുന്നു മാത്രയ്ക്കകം

എന്നാണു് അദ്ദേഹം പറയുന്നതു്.

പരിഷ്കാരത്തിന്റെ പരമകോടിയിലാണു വർത്തിക്കുന്നതെങ്കിലും, ഈ നൂറ്റാണ്ടിന്റെ ആത്മാവു് ആശയ്ക്കും ആശ്വാസത്തിനും വേണ്ടി അദമ്യതൃഷ്ണയോടെ കാളിദാസന്റെ കാവ്യപ്രപഞ്ചത്തിലേക്കു പറന്നുചെല്ലുന്നതായി 'ഉജ്ജയിനിയിലേക്കു്' എന്ന കവിതയിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നു. ജീവിതത്തിന്റെ ധാർമ്മികപശ്ചാത്തലത്തിൽ മതിപ്പുള്ള ആർക്കു തന്നെ കാളിദാസകവിതയുടെനേരെ കണ്ണടപ്പാൻ കഴിയും? കാളിദാസന്റെ മരണവുമായി ബന്ധപ്പെട്ടതെന്നു് ഐതിഹ്യവേദികൾ വിശ്വസിക്കുന്ന ഒരു പഴങ്കഥയെ പുനഃസ്മരിച്ചെഴുതിയ 'കുസുമേകുസുമോൽപത്തി' എന്ന കവിത അതിലെ ഭാവ

ശുദ്ധികൊണ്ടും ഭാവഭംഗികൊണ്ടും ഈ സമാഹാരത്തിലെ ഏറ്റവും തലയെടുപ്പുള്ള കൃതികളിലൊന്നായിട്ടുണ്ട്. തന്റെമേൽ ആരോപിക്കപ്പെട്ട അപരാധത്തെപ്പറ്റി നായികയായ ഗണികയുടെ ഹൃദയത്തിൽ യാദൃച്ഛികമായി പൊട്ടിമുളച്ച ശോകാത്മകമായ ചിന്തകളാണ് അതിൽ ചിത്രണംചെയ്യപ്പെട്ടിരിക്കുന്നത്. 'ചൂടുള്ള പനിനീർ' എന്ന കവിതയിലും ശോകത്തിന്റേതായ നിമ്നതരംഗങ്ങൾ കളിയാടുന്നതു കാണാം.

ഭിന്ന ഭാവങ്ങളെ ഒരു മഞ്ജരിയിലെന്നോണം മനോഹരമായി കോർത്തിണക്കിയവയാണ് 'തീവണ്ടിയിൽ', 'വിണ്ണിലും മണ്ണിലും' എന്നീ കവിതകൾ. ആദ്യത്തെതിൽ പ്രകൃതിയുടെയും രണ്ടാമത്തെതിൽ മനുഷ്യന്റെയും വിക്രിയകൾ കവിഹൃദയത്തിലുണ്ടാക്കിയ പ്രതികരണങ്ങളെ ഭംഗിയായി ആലേഖനംചെയ്തിരിക്കുന്നു. 'ആനയും എലിയും' എന്ന കവിതയിലെ പരിഹാസം ആലോചനാവേദ്യമത്രേ—ഒരു പുരാവൃത്തത്തെ പുരസ്കരിച്ചെഴുതിയ 'നാരദന്റെ കണ്ണട'യും നിങ്ങളെ രസിപ്പിക്കാതിരിക്കില്ല.

സാമ്പത്തികസ്വാതന്ത്ര്യത്തിനും സാമൂഹ്യനീതിക്കുംവേണ്ടി വീറോടുകൂടി വാദിക്കുന്ന കവിതമാത്രമേ കവിതയാവൂ എന്നു് ഉദ്ഘോഷിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ, കലാതത്വങ്ങളെ മുറുകെപ്പിടിച്ചു ധാർമ്മികമൂല്യങ്ങൾക്കും ജീവിതശുദ്ധിക്കും വേണ്ടി കവിതാവ്യവസായംചെയ്യുന്ന ശ്രീ ഗോപിനാഥൻനായർ സാഹിത്യത്തിലെ തിക്കും തിരക്കും കുറഞ്ഞ ഊടുവഴിയിലൂടെയാണ്

സഞ്ചരിക്കുന്നതെന്ന വാസ്തവം ഇവിടെ വിസ്മരിക്കുന്നില്ല. എങ്കിലും കാലം ഈ ഏകാന്തപാന്ഥനെയാണു പിൻതുടരുക എന്ന കാര്യം നിർവ്വിവാദമാണ്. കാരണം, കാലത്തിന്നു് എന്നും ആവശ്യമുള്ള കൈമുതല്കളുമായാണു് അദ്ദേഹം യാത്രചെയ്യുന്നതു്.

കവിതാരചനയിൽ ധാരാളം തഴക്കംസിദ്ധിച്ച ശ്രീ നായരുടെ തൂലിക ഇനിയും മേത്തരങ്ങളായ കനകാഭരണങ്ങൾ കൈരളിക്കു കാഴ്ചവെക്കട്ടെ എന്ന പ്രാർത്ഥനയോടുകൂടി ഭാവമധുരമായ ഈ സമാഹാരം ഞാൻ സഹൃദയസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടി നായർ

പട്ടാമ്പി
20-11-1962

കവിതകൾ

ഓം
കുസുമേ കുസുമോൽപത്തി
ആഗമിക്കുക വീണ്ടും
തെരുവിലെ മാൻകുട്ടി
തീവണ്ടിയിൽ
ചൂടുള്ള പനിനീർ
കാനനപ്രാന്തങ്ങളിൽ
വിണ്ണിലും മണ്ണിലും
ഉജ്ജയിനിയിലേക്ക്
പൂവിന്റെ കണ്ണുനീർ
നാരദന്റെ കണ്ണട
ആനയും എലിയും
പാട്ടന്ന പാറ
വെട്ടുകിളികൾ
കന്യാകുമാരിയിൽ

ഓം

നിദ്രതൻപട്ടിൻവക്കിൽ
പൊൻകസവണിയിക്കും
നിസ്തുല മനോജ്ഞമാം
മധുരസ്വപ്നംപോലെ,

കൊഞ്ചിയും കുണുങ്ങിയു—
മിരുളിൻ ഹൃദയത്തിൽ
പുഞ്ചിരി വിടത്തിക്കൊ—
ണ്ടൊഴുകും നദിപോലെ,

വെയിലിൽപ്പ്രാരം തള—
ർന്നുറങ്ങും കാന്താരത്തിൽ
കുയിലിൻ പരിമൃദു—
പഞ്ചമാലാപംപോലെ;

കേവലം പരിശുദ്ധ—
മാകുമെ,ന്നാത്മാവിങ്കൽ
ദേവഭാവനാപാഞ്ച—
ജന്യത്തിൻ ധന്യാരാവം

വായുമന്ദിരത്തിങ്കൽ
നി,ന്നേറെ പ്രശാന്തമാം
വായുവിലൂടേ നീന്തി
വന്നടൻ നിപതിയ്ക്കു,

നീചമാം രജസ്തമ-
സ്സേനകൾ നിമ്മിച്ചോരു
നീരന്ധ്രപദ്മവ്യൂഹം
ഭിന്നമായപോൽ തോന്നി!

തെല്ലിട തെളിഞ്ഞതാം
സാത്വികവിശുദ്ധിതൻ
ചില്ലിലൂടവേ കാണായ്
ചിൽപ്രകാശകരൂപം!

എത്രമേലലൗകിക,-
മെത്രമേലാനന്ദദ,-
മെത്രമേലാത്മോൽക്കർഷ-
പ്രേരകമാണാരംഗം!

നീരവം ഉറന്നൊരെൻ
കണ്ണിനു മുന്നിൽക്കാണ്മൂ
നീലനീരദസ്നിഗ്ധ-
സച്ചിദാനന്ദാകാരം!

അതിനെപ്പുകഴ്ത്തിക്കൊ-
ണ്ടെയരും നാനാശബ്ദ-
തതിതൻ കണ്ണാമ്മൂത-
മംഗളനിഷ്യന്ദത്തെ

ആവോളമുൾക്കൊ,ണ്ടാത്മ—
പാടലമുഖഭാവ—
മാർദ്രയാമുഷസ്സന്ധ്യ
നിസ്തബ്ധം നിലകൊൾകെ,

മാമക ഹൃദന്തത്തിൽ
കേവലം ധ്വനിമയ—
മായൊരു സമുൽക്കൃഷ്ട—
ഭാവഭാസുരകാവ്യം

കാന്തമായ് പ്രശാന്തമായ്
വിടന്നി,തോങ്കാരത്തിൻ
ശാന്തമാധുര്യം ഘനീ—
ഭൂതമായതുപോലെ,

ആത്മവിസ്മൃതിയാന്നു—
നിന്നു ഞാൻ കുറെനേര,—
മാ മഹൽസ്മരണയ്ക്കെൻ
സാദര നമോവാകം!

കുസുമേ കുസുമോൽപത്തി

"എങ്ങനെ വന്നെത്തിയെൻ
സദനാങ്കണത്തിങ്കൽ
മങ്ങിട്ടം സായംകാല—
ത്തീ മനോഹരപുഷ്പം?

ദ്യോവിലെത്തിയ ജീവ—
നടലാന്നായാസം
ഭുവിലെ പ്രിയജന—
സ്വപ്നത്തിലെത്തുംപോലെ?

മുറുമേ കാലത്തിന്റെ
ശീതളകരസ്പർശ—
മേറുണങ്ങിടാറായ
ഹൃദയക്ഷതത്തിന്മേൽ

ഓമ്മതൻ മുനതട്ടി—
യിനിയും ചുട്ടചോര
നിർമ്മലം വാന്നീടട്ടെ—
യെന്നാമോ വിധിമതം?

ഈ നറുമലരിന്റെ—
യോരോരോ ദളവുമെൻ
മാനസപുഷ്പത്തിന്മേൽ
തീക്കനൽ വിതറുന്നു?"

നനഞ്ഞൂ നയനങ്ങ–
ളുവൾക്കു ഹൃത്തിൽക്കാളും
നിനവിന്നുലയിൽ നി–
ന്നുയർന്നു നിശ്വാസങ്ങൾ.

ഭ്രാന്തയിലൊരു കോണിൽ
സ്വീയജീവിതംപോലെ
ശാന്തമായ്, നിശ്ശൂന്യമായ്
ദീനദർശനമായി,

സ്ഥിതിചെയ്തിട്ടും രത്ന–
ക്കൂടിന്റെ ജീർണ്ണിച്ചുള്ളോ–
രഴിയും പിടിച്ചു നി–
ന്നവൾ തേങ്ങുകയായി.

"കോവിലിൽ സവിലാസ–
നത്തനമാടാൻ പോകു–
മാ വിലാസിനിമാർ ത–
ന്നാഹ്ലാദമല്ലീ കേൾപ്പൂ?

ലീലയിലക്കൂട്ടത്തി–
ലാരുടെ വേണീലസ–
ന്മാലയിൽനിന്നാണാവോ
പാറിവന്നതിപ്പുഷ്പം?

കാറിലൂടവേ നീന്തി–
യെത്തിട്ടും ശംഖാരാവം
കാതിലി,ന്നിടിനാദ–
മെന്നപോലലയ്ക്കുന്നു!

ഹാ, വിടർന്നിടുമോമ്മ–
ച്ചുരുളിൽത്തെളികയാ–
ണാവിലേതരമാകു–
മാ വിമോഹനരംഗം.

പൂവിൽ മറെറാരു പൂപോ–
ലന്നത്തെസ്സായംസ്സന്ധ്യ
മേവിടുമസാമാന്യ–
ധന്യമാം മുഹൂത്തത്തിൽ,

തെരുവൊക്കെയും ധൂപ–
മാല്യാദി സൗരഭ്യത്താ–
ലൊരുന്മത്തനോന്മേഷം
ശ്വസിച്ചു നിന്നീടുമ്പോൾ,

ഉത്സവം കാണാൻ ധൃതി–
പ്പെട്ടുപോം ജനത്തിന്റെ
ഹൃത്സരോവരത്തിങ്ക–
ലിളകും കല്ലോലങ്ങൾ

മാറെറാലി കൊണ്ടിടവേ
സഞ്ചരിക്കിലു,മൊരു
മാദകചൈതന്യത്തിൻ
പ്രസരം വ്യാപിക്കവേ

ഫുല്ലലോചനമാകു–
മെൻമുഖം വീക്ഷിച്ചുകൊ–
ണ്ടുല്ലസൽസ്മിതമേവ–
മദ്ദേഹം ഗാനംചെയ്യു:

(എന്തിനാണെനിയ്ക്കന്യോ–
ത്സവമെൻ ഗൃഹത്തിങ്കൽ
തന്തിരുവടിയുടെ
സാന്നിദ്ധ്യമുണ്ടാകുമ്പോൾ?)

'കുസുമേ കുസുമോൽപത്തിഃ
ശ്രൂയതേ ന ച ദൃശ്യതേ,
ബാലേ തവ മുഖാംഭോജേ
നേത്രമിന്ദീവരദ്വയം!'

എത്രമേൽ പുളകിത–
മായിതെന്നാത്മാവപ്പോ–
ളുത്രമേലിടയായീ
വേദനതിന്നീടാനും!

നീചമാമപവാദ–
ന്യൂല്യകളനൃസൃതം
നീണ്ടുപോയനർത്ഥങ്ങ–
ളെന്തെല്ലാം വരുത്തീല?

ആരുടെ മനോജ്ഞമാം
സമസ്യാസമ്പൂരണ–
മായിടയ്യൊച്ചപ്പാടൊ–
ന്നുണ്ടാക്കീ നഗരത്തിൽ

അല്പബുദ്ധിയാമീ ഞാൻ
കൊന്നുപോലദ്ദേഹത്തെ–
ത്തൽപദ്യമെന്റേതാക്കി–
ദ്ധനവും പേരും നേടാൻ!

തെല്ലിടയെന്നാകിലു–
മാ യശോധനൻതന്റെ
ഫുല്ലമാം തേജസ്സിലെൻ
ചേതന വികസിക്കെ,

എന്തിനായാശിയ്ക്കുണം
മറെറാരു കീർത്തിസ്സായി–
ട്ടെന്തിനായാശിയ്ക്കുണം
മറെറാരു സമ്പല്ലാഭം?

വേശ്യയാണുപോലീ ഞാ,–
നാവട്ടെ,യെന്നാലെന്താ
വശ്യവാക്കാകും മഹാ–
നെന്റെ ജീവിതത്തിങ്കൽ

സുന്ദരമൊരു കാന്തി–
കന്ദളമെപ്പോൾ വീശി
കന്ദരഹൃദയത്തിൽ
ഖദ്യോതം കണക്കിനെ

അന്നതൊട്ടെൻ ജീവിതം
ധന്യധന്യമായില്ലേ,
അന്നതൊട്ടൊരു നവ്യ–
ചൈതന്യം സ്ഫുടിച്ചില്ലേ?

ദേഹിതൻ പ്രകൃതിയാം
മൂതിയെന്നുല്ലേഖിച്ച
ദേവനാനിയതിതൻ
നിർദ്ദയ നിയോഗത്താൽ

ഹൃദ്യമാം പ്രപഞ്ചത്തെ
വിട്ടുപോയതുമെന്റെ
വിദ്യയാലത്രേ, വേശ്യ-
യ്ക്കില്ലെന്നോ മനസ്സാക്ഷി?

ശ്ലോകവും പകർത്തി ഞാൻ
പാരിതോഷികം വാങ്ങാ-
നേകയായണഞ്ഞുപോൽ
രാജസന്നിധിയിങ്കൽ.

കവിയിപ്പൊഴുണ്ടോ
ജീവനോടെയെന്നെന്നോ-
ടവിതക്കിതോൽക്കണ്ണും
ചോദിച്ചുവത്രേ ഭൂപൻ.

എൻമുഖം പരിഭ്രാന്തി-
വൈവണ്ണ്യമാർന്നുപോലു-
മെന്റെ വാക്കുകൾ മേന്മേ-
ലിടറിപ്പോയീപോലും!

സ്നേഹദീപ്തമാമേതു
കണ്ണുകൾ മനുഷ്യത്വ-
മോഹനാങ്കുരമോരോ-
ന്നെന്നിലും ഹാ, ദർശിച്ചു

നൂതനവിയോഗത്തിൻ
വേദനയറിയിക്കാൻ
ദൂതനെ സ്വയം കണ്ടു
പുത്രനാം കാർമേഘത്തിൽ;

അതിപേലവമാം തൻ–
മേനിയിലൊരു പുഷ്പം
പതിക്കെ പ്രാണൻ വെടി–
ഞ്ഞീടിന ദയിതയെ

തഴുകിക്കരഞ്ഞൊരാ
രാജാവിൻ മിഴിനീരിൽ
മുഴുവൻ പ്രാപഞ്ചിക–
വൈചിത്ര്യം സംവീക്ഷിച്ചു;

ദീനദീനമാക്കൺകൾ–
ളെന്നുടെ മുഖത്തേക്കു
സാനുകമ്പമായ് നോക്കു–
ന്നതുപോൽ തോന്നീടുന്നു!

ഹന്ത, തദ്വിയോഗത്താൽ
വെന്തുകൊണ്ടിരിക്കുമെൻ
സ്വാന്തത്തിൻ ഗതി കണ്ട–
താരുണ്ടു ഞാനല്ലാതെ?

അജരാമരാത്മാവാ–
മക്കവീന്ദ്രനെക്കൊൽവാ–
നബലയ്ക്കുനായാസം
സാദ്ധ്യമായിപോൽ, പക്ഷേ,

നാവിനെയന്യാക്ഷേപ–
വ്യഗ്രമാ,മാ നാവിനെ–
ക്കാൽവിനാഴികപോലും
കെട്ടുവാനാളുണ്ടായോ?

നാല്യകൊല്ലമായിന്നേ—
സ്സ്ഥവാ, ദുഃഖാർദ്രത
കോല്യമീ വിചാരത്ത—
യെന്തിനാ,യെവിടേക്കായ്

ഉന്തിനീക്കുന്നു ഞാനി—
ന്നുമ്പിൻനിരയേതോ
ജന്തുവിൻ ജഡം വലി—
ച്ചിഴയ്ക്കുന്നതുപോലെ?

* * *

മന്ദിരാങ്കണം വിട്ട
പോക, പുഷ്പമേ, ശോക—
തുന്ദിലസ്മരണയി—
ലിനിയും തങ്ങിടാതെ!"

'നീ വരുന്നുവോ സഖി,—
യമ്പലത്തിലേ,'ക്കേതോ
ദേവദാസിതൻ സ്നിഗ്ധോ—
ദാരമാമൊരു ചോദ്യം

ക്ഷണമിച്ചിന്താധാര
മുറിച്ചൂ, ചുട്ടബാഷ്പ—
കണമാക്കപോലത്തി—
ലുരുളുന്നതോടൊപ്പം!

കാളിദാസന്റെ മരണവുമായി ബന്ധപ്പെട്ടതെന്നു് ഐതിഹ്യ വേദികയും വിശ്വസിക്കുന്ന ഒരു പഴങ്കഥയാണു് ഈ കവിതയ്ക്കു് അവലംബം.

ആഗമിക്കുക വീണ്ടും

ആഗമിക്കുക ഭവാൻ
വീണ്ടുമീയുലകിലേ—
സ്സ്വാനന്ദഗാനാലാപ
ലോലമാം ഫിഡിലുമായ്:

പേത്തുമസ്സംഗീതത്തിൻ
നൂതനബിന്ദുക്കൾക്കായ്
കാത്തിരിക്കുകയല്ലീ
തപ്തമാം ഹൃദയങ്ങൾ?

ആയിരം ചൈത്രങ്ങളെ—
സ്സാക്ഷികളാക്കിക്കൊണ്ടു
മായികസപര്യോപമം
പണ്ടൊരു പുരീരത്നം

പൊന്തിവന്നതിന്നോമ്മ—
യിപ്പൊഴമഭിനവ—
കാന്തിയോടവിടത്തെ
സ്വാന്തത്തിൽ മിന്നുന്നീലേ?

ഭാഗ്യലാളനമേറാ
നഗരം മഹൈശ്വര്യ—
ഭാവുകമണിത്തട്ടി—
ലെന്നപോൽ വളരവേ,

സ്മരിക്കുന്നുണ്ടാം ഭവാ—
നന്നൊരു കൊട്ടംതീയ്യാ—
പ്പുരിയെദ്ദശകണ്ഠ—
രാജധാനിയെപ്പോലെ,

ഉഗ്രമായ്ദ്ദഹിപ്പിച്ച
പോയതും, വിശ്വസ്നേഹ—
വ്യഗ്രമാം ഭവച്ചിത്തം
വെണ്ണപോൽ ദ്രവിച്ചതും!

നീലരക്തമായ് മിന്നു—
മായത ഭയാനക—
ജ്വാലതൻ കരംപൊക്കി—
പ്പാവകൻ കൃതകൃത്യൻ

ദൈവദൂതരെപ്പോല്യും
കരയിച്ചിട്ടുംമാറാ—
പ്പാവനപുരാണിക—
പ്രാഭവമെല്ലാംകൂടി

ധൂമത്തിൻ ഭാണ്ഡങ്ങളായ്—
ച്ചുരുട്ടിച്ചുരുട്ടിക്കൊ—
ണ്ടാമന്ദമാകാശത്തിൻ
മാറിലേക്കെറിയവേ,

ശോകത്തിൻ നിഴൽപോല്യും
മുഖത്തു വീഴ്ത്തീടാ,ത—
സ്തോകകൗതുകഭാവം
സ്ഫുരിക്കും സ്വരത്തോടെ

സൈരമങ്ങൊരു കാട്ട–
ചോലതൻ വക്കിൽച്ചെന്നു–
ധീരമായ് ഫിഡിൽവായി–
ച്ചിരിക്കയല്ലീ ചെയ്യു?

ആ നദിയിതൊന്നുമേ
കാണാതെ, കേട്ടീടാതെ
ഗാനലാലസയായി–
പ്പോകയാണെങ്ങോട്ടാവോ?

നാശത്തിന്നിടയിൽനി–
ന്നുയരാം മൃദുഗാനം
പേശലസ്മിതം മിന്നി–
ത്തിളങ്ങാം മിഴിനീരിൽ!

ധീരഗായക, നിന്നെ–
സ്നേഹശൂന്യനായ് ക്കണ്ട
പാരിനോടനുകമ്പ–
മാത്രമേ തോന്നീടാവൂ!

ആഗമിച്ചാലും ഭവാൻ–
വീണ്ടുമീയുലകിലേ–
സ്സ്വാനന്ദഗാനാലാപ–
ലോലമാം ഫിഡിലുമായ്!

ഘോരമാമേതൊന്നിന്റെ
പേരു കേൾക്കുമ്പോൾത്തന്നെ
പാരിന്റെ സംസ്കാരൈക–
ചേതന നടുങ്ങുന്നു!

ഹൃദയം ഹൃദയത്തോ—
ടിണങ്ങിജ്ജഗത്തിനെ—
സ്നേഹം ഭരിക്കുന്ന
ശക്തിയും ചുളുങ്ങുന്നു!

ആ മഹോദ്ധതമാകു—
മണുവിൽ കൂടികൊള്ളും
ഭീമമാം വിദ്വേഷാഗ്നി—
യങ്ങിങ്ങായ് മന്ദം മന്ദം

തല നീട്ടുകയല്ലീ?
നോക്കുക, നിൻ സംഗീത—
കലയെപ്പിടിച്ചൊന്നു—
കുലുക്കിവിളിച്ചാലും!

ചാമ്പലിൻ പരപ്പിനെ—
യേതൊരു ഗാനാമൃതം
ചാരുവാമൈശ്വര്യത്തിൻ
മലർവാടിയായ് മാറ്റി,

അണുവിൻ ചണ്ഡോഷ്മാവി—
ലെരിയും ചിത്തങ്ങളെ—
ത്തണുപ്പിക്കുവാൻ വീണ്ടു—
മുദ്ഗാനം പൊഴിയട്ടെ!

ആഗമിക്കുക, ഭവാൻ
വീണ്ടുമീയുലകിലേ—
ക്കാനന്ദഗാനാലാപ—
ലോലമാം ഫിഡിലുമായ്!

തെരുവിലെ മാൻകുട്ടി

ഓരോരോ നിമിഷത്തിലും നിരുപമാ—
നന്ദൈകരംഗം കണ—
ക്കോരോരോ കമനീയ സൗധമുയരും
വൻപട്ടണത്തിൽ സപദം
സാരോല്ലാസതരംഗസംഘമൊഴുകി—
പ്പോകുന്നതാം പാതയിൽ
തേരോടിച്ചു രസിക്കയാണൊരു ദിനാ—
രംഭത്തിലെൻ ഭാവന.

2

ചാരത്തുള്ള വിളക്കുകാലിനരികെ—
ത്തൊട്ടൊട്ടു കാണും തൃണം
ഒസ്പരം കാൺക ചവച്ചുകൊണ്ടൊരിളമാൻ
നില്പുന്നു നിർഭീകമായ്:
നീരസ്രോൽക്കടശബ്ദമാം തെരുവിലും
കാണുന്നുവെന്നോ മുറ—
യ്യാരണ്യാമലഭൂവിൽമാത്രമുളവാം
ശാലീനമാം ശാന്തത?

3

ഓമൽസാത്വികശുഭ്രമുഗ്ധകളെഴും
മെയ്യാൺ നീ ഭൗതികോ—
ദ്ദാമപ്രൗഢിമകൂട്ടമിപ്പുരിയിലേ—
യ്ക്കെന്തിന്നണഞ്ഞൂ സപദം?

ഈ മട്ടള്ളൊരശാന്തമാം നഗരിയിൽ—
ശ്ശാന്തിപ്രഭാകന്ദളം
നീ മന്ദം വിതറുന്ന കാഴ്ച കനിവാ—
ന്നാരുണ്ടു വീക്ഷിക്കുവാൻ?

4

നേരത്രേ, ഭവദീയ ചാരുചരണ—
ന്യാസത്തിനാൽ പാവനോ—
ദാരശ്രീയെഴുമിസ്ഥലത്തയി, കുശ—
പ്പുല്ലില്ല തിന്നീടുവാൻ;
പാരം നീണ്ടു നിരന്തരം പൊടിപറ—
ന്നീടുന്ന മാഗ്ഗങ്ങളാ—
ണാരംഭിയ്ക്കുരുതേ വൃഥാവിലിവിടെ
ച്ചുറ്റീടുവാനോമനേ!

5

നിൻ കണ്ണുകൾ പരാദ്ധ്യനാമജപമ—
ല്ലിങ്ങെങ്ങുമേ കേൾപ്പുത—
സ്സങ്കല്പാതിഗമത്സരപ്രചുരമാം
ചണ്ഡാരവം മാത്രമാം;
നിൻ കണ്ണിൽപ്പതിയുന്നതിങ്ങു മുനിമാ—
രല്ലാ, മൃഗപ്രായമായ്
തങ്കം, കാമിനിയെന്നിവറ്റിലുഴലും
ലോഭപ്രഭാവങ്ങളാം!

6

ഹേ, രമ്യാംഗ, ഭവാൻ ശ്വസിച്ചിടുവതി–
ങ്ങാജ്യാഹുതിപ്രാജ്യമാം
സൗരഭ്യത്തൊട്ടു പൊങ്ങിടുന്ന പുകയെ–
പ്പുല്ലന്ന കാറല്ലെടോ;
ധീരസ്വേദമൊഴുക്കിടും പരിഷതൻ
വീപ്പാന്നു ഹാ, ഫാക്ടറി–
ദ്വാരത്തൂടെ വരും കറുത്ത പുകതൻ
മാലിന്യമോല്പന്നതാം.

7

നൂനം മാനുഷലോഭമെത്ര കഠിനം!
നിന്നോമനക്കൊമ്പിലായ്
പേനക്കത്തിയണച്ച കൈയ്യു തുടരാൻ
വയ്യാത്തതെന്താണിനി?
വാനത്താ വിധുവിൻെറ മാറിൽ വിലസും
മാൻകുട്ടിയെപ്പോല്യമ–
ന്യൂനം തൻെറ കരത്തിലാക്കിടുവതി–
ന്നല്ലീ മനുഷ്യശ്രമം?

8

സ്വാതന്ത്ര്യക്കുറവില്ലയെ,ന്നിവിടെ നീ
ലാത്തായ്യ നിൻ ഭാവിയെ–
ച്ചേതസ്സിങ്കൽ വരയ്ക്കുവാൻ തുനിയവേ,
വായ്ക്കുന്നിതുൽക്കണ്ഠ മേ!
വീതക്ലേശമിടയ്ക്കിടെച്ചുട്ടനിണം
ചിന്തുന്ന മാംസം ദയാ–
പേതം തൂക്കിയിടുന്നതാം കടകളാ–
ണീ നിൻെറ പാശ്വങ്ങളിൽ!

9

ഏവം ഞാനശുഭങ്ങളെന്തിനഥവാ
ചിന്തിച്ചു പോകുന്നു?—നിൻ
പൂവഞ്ഞും മൃദുമേനിയൊന്നു കലിതാ—
നന്ദം തലോടീടവേ,
പാഴ് വള്ളിക്കുടിൽ തിങ്ങുമെന്റെ മനവും
നാനാമുനിശ്രേഷ്ഠസൽ—
ഭാവത്താൽ പരിപൂതമാമുടജമായ്
മാറുന്നു മാത്രയ്ക്കകം!

10

എന്നാലങ്ങനെ—ദൈവചിത്തമറിയാ—
നാരുണ്ടു? വല്ലപ്പൊഴും
വന്നാലോ മൃഗശാലതന്നിലിഹ, തേ
പാത്തീടുവാൻ സംഗതി?
എന്നാലെന്തു? വിഷാദലേശമിയലാ,—
യ്ക്കുള്ളൊരക്കുട്ടരാ—
രെന്നാളും ഹ,ഹ, മത്സ്യരൂപികളിലും
മത്സ്യത്വമുള്ളോർ ദൃഢം!

തീവണ്ടിയിൽ

ആവിവണ്ടിയിൽനിന്നു—
മാവിലവഷ്ടാകാല—
ദ്യോവിനിത്തിരി ചൂട്ട
പകൻനുകൊട്ടക്കാനോ,

പൊങ്ങുന്നുണ്ടനുക്ഷണം
ശുക്ഷഗന്ധമാം ധൂമ—
മെങ്ങുമുണ്ടൊരു ജഡ—
പ്രകൃതിപ്രതിഭാസം

നനയും ചിറകൊന്നു
വിരുത്താനരുതാതെ
തനിയേ തൻ നിഡത്തി—
ലൊരുപക്ഷിയെപ്പോലെ

ഞാനിരിക്കുകയാണു
തീവണ്ടിമുറിക്കുള്ളിൽ
വാനിൽ വാരിദശ്രേണി
പിന്നെയും തിങ്ങീടുമ്പോൾ.

ജാലകച്ചില്ലിൻപുറ—
ത്തെമ്പാടും ജലബിന്ദു—
ജാലമങ്ങനെയുരു—
ണ്ടുരുണ്ടു കളിക്കവേ,

എൻ തലയ്ക്കുപരിയായ്
വിലസും വിദ്യുദ്ദീപ-
മെന്തിലും കുലുങ്ങാതെ
പുഞ്ചിരിപൊഴിക്കുവേ,

ഒച്ചിനെപ്പോലേ നീന്തി-
പ്പോവുകയാണാ വണ്ടി
വാച്ചിൽ ഞാനിടക്കിടെ
നോക്കിയിട്ടെന്തേകാര്യം?

ഉഗ്രവൃഷ്ടിയും കാറും
ദുർജ്ജയദുർഗ്രഹമാം
വ്യഗ്രതയോടേ നാട്ട
മുടിക്കും സംരംഭത്തിൽ

വ്യാപ്തമായിക്കാണ്മൂ
കൊച്ചുതോട്ടകൾപോലും
വ്യായതാവേശാലന്ധ-
മോദിച്ചു മദിക്കുന്നു.

കടൽ കേറിയുമുൾ
പൊട്ടിയും, കണ്ണീരിന്റെ
കടലായ് നാടൊട്ടാകെ
മാറിട്ടന്നൊരു ചിത്രം

ധീരഭാവനയുടെ
കണ്ണിലും വിഷാദത്തിൻ
ധാരകളുളവാക്കി-
യാന്ധ്യമേറിട്ടുംനേരം

ഇടയിൽത്തുറന്നതാം
ജാലരന്ധ്രത്തിൽക്കൂടി
സ്ഫുടലാഘവത്തോടെ
വന്നടി,ച്ചന്നമാത്രം

എന്റെ മജ്ജയെപ്പോല്യും
തുളച്ചു കേറീട്ടന്ന–
ണ്ടെത്രയും നനവാന്ന
നഭസ്സിൻ നിശ്വാസങ്ങൾ!

ii

സ്നീതമാം തണുപ്പിനാ–
ലുടൽ കോൾമയിർകൊൾകെ–
ച്ചേതനയേതോ ചാരു–
ചിന്തതൻ തരംഗത്താൽ

പുളകംകൊണ്ടു മേന്മേ,–
ലെന്തു സങ്കുചിതത്വ,–
മിളതൻ വിപത്തെങ്ങീ,
സ്വാർത്ഥമാം നിനവെങ്ങോ?

ചില്ലുവാതിലിലൂടെ
നോക്കി ഞാൻ പുറത്തെങ്കി–
ന്നല്ലിന്റെ ഭ്രതാവേശ–
മപ്പൊഴും നിന്നിട്ടില്ല;

മുകിലിൻ തുരുത്തിന്മേൽ
ചെന്നിരുന്നീടും ശ്വേത–
വികിരങ്ങളെപ്പോല്യു–
ള്ളഞ്ചാറു നക്ഷത്രങ്ങൾ

കേവലം സനാതനാ–
കമ്പത്തിൽക്കവിഞ്ഞൊരു
ഭാവഭേദവും കാട്ടീ–
ലെന്നൊരു നിസ്സംഗതപം!

തരണം ചെയ്തു മാറ്റ–
ത്തിങ്കലുള്ളൊരു വിഘ്നം
നിരപായമാ,യെന്ന
നിസ്സീലാശ്വാസത്തോടെ

നീട്ടിനീട്ടിയഞ്ചാറു
കുവിയും, തമസ്സിന്റെ
നീണ്ടപാതയിലെങ്ങും
തീപ്പൊരി പറപ്പിച്ചും

പായുകയായീ വണ്ടി,–
ന്നതനോന്മേഷത്തോ,ടെൻ
സ്നായുജാലത്തിൽപ്പോലും
തുടിച്ചു ചുടുരക്തം!

എങ്കിലു,മൊരുൽക്കണ
മൽപ്രതീക്ഷകൾ തന്റെ
പൂങ്കുളിർനികുഞ്ജത്തി–
ന്നുള്ളിലായൊരുകോണിൽ

ചുരുണ്ടുകിടപ്പതു,–
ണ്ടതു തൻ പടം പൊക്കി
വിരുത്തിബ്ഭയാകുല–
മാക്കിയെ,ന്നാനന്ദത്തെ!

വയലിൻവക്കത്തായി—
ച്ചെന്തെങ്ങിൻ നിര ചൂഴ്ന്നും
കുയിൽ പാടിടും മാന്തോ—
പ്പിന്റെ മുൻവശത്തായും

സ്വച്ഛസുന്ദരമായി
ഗ്രാമീണസൗഭാഗ്യത്തിൻ
സ്വച്ഛന്ദരംഗംപോലെ
നില്ക്കുമച്ചെറുകുടിൽ;

പച്ചനെൽവിരിപ്പിന്മേ—
ലോരോരോ ഞെറി തുന്നി
വാച്ചകൗതുകാലെത്തും
കുളിർതെന്നലിലൂടെ

സ്നിഗ്ധസൗരഭം വീശി
മുറ്റത്തൊരറ്റത്തായി
മുഗ്ധമാം തൈമുല്ലകൾ
നില്ക്കുമച്ചെറുകുടിൽ

മാമകപ്രത്യാഗമ
ചിന്തകൾ ചേക്കും നാനാ—
ഭാവത്താൽ തരംഗിത
മാകുമച്ചെറുകുടിൽ

കാലവർഷത്തിൻ ദുരാ—
ധർഷമാം ക്രൂരോന്മാദ—
ലീലയോടെതിരിട്ട
നിന്നിരിക്കുമോ, ധീരം?

അവിടെ സ്പന്ദിച്ചീടും
പ്രേമലോലമാം ഹൃത്തു,-
മവിടെ പ്രഭവീശു-
മോമനമുഖങ്ങളും...

ഈ വിചാരത്തിൻ തമോ-
മയമാം*'ടണലി'ലൂ-
ടാവിഗ്നഭാവത്തോടെ-
യെൻകരൾപ്പുകവണ്ടി,

കിതച്ചു കുതിക്കയാ-
ണെന്തെല്ലാമനത്ഥങ്ങൾ
വിതച്ചിട്ടുണ്ടാവില്ലെൻ
നാട്ടിലും വഷ്ടോപം?

ദൂരമേ കിഴക്കെഴും
മലമേലീഷദ്രക്ത-
ഗൗരമാമുഷസ്സിൻെറ
വല്ലികൾ പടരവേ,

ഞാനിറങ്ങുകയായീ
വണ്ടിയിൽനിന്നും ചിന്താ-
ധീനമായ് വളന്നീടും
മധുരാസ്വാസ്ഥ്യത്തോടെ

ആശതൻ കിരണത്തെ-
ച്ചുംബിക്കാനുഴറീടു-
മാശകൾ സുദീഘ്രമായ്
നിശ്വസിപ്പതോടൊപ്പം!

* Tunnel

ചൂടുള്ള പനിനീർ

പ്രശാന്തസുന്ദരനിശാഗമത്തിലാ–
വിശാലവീഥിയെസ്സുരഭിലമാക്കി
സുഗന്ധദ്രവ്യങ്ങൾ മുറുക്കി വില്ക്കുന്ന
സുമോഹനമാകും കടയുടെ മുമ്പിൽ
സരളഭാവനാകരങ്ങളാനന്ദ–
തരളമായിട്ടമല്യക്കുകൾ തുക്കി
സ്ഥംടാഭചേത്തതാമൊരു വിചാരത്തിൻ
കുടനിവത്തി ഞാൻ തനിച്ചു നില്ക്കുയാം.

അകലെ വാരുണദിഗന്തവാടിയി–
ലണഞ്ഞൊരു മേഘമധുകരംപോലെ.

അനവധി ചെറുപനീർസൂനങ്ങൾത–
ന്നനഘസൗരഭം ദ്രവീകൃതമാക്കി
അഴകെഴുമൊരു വലിയ കുപ്പിയി–
ലടച്ചുവെച്ചതിൻ വില ഞാൻ ചോദിക്കെ
എതിർവശത്തെഴും കടയിൽനിന്നുമീ–
ശ്രുതിമധുരമാം ക്ഷണനം കേൾക്കുന്നു:–
'വരിക, പൂ വേണോ, മുഴത്തിനിന്നേര–
ത്തരയണമാത്രം—ചുരുങ്ങിയ വില!'
തെരുവിലെക്കോലാഹലങ്ങൾക്കുള്ളിലു–
മുരുവിശദമാകുമാരിതൻ ശബ്ദം.

പ്രസന്നനൂതനവസന്തസൗഭഗ–
പ്രസരം കൂട്ടിവെ, ച്ചതിലിടസ്സിടെ,
തളരായ് വാൻ വെള്ളം തളിക്കുന്ന കുപ്പി–
വളകളിട്ടൊരാ വിളത്ത കയ്യുകൾ
അവളുടെ തപ്തഹൃദന്തബിന്ദുക്ക–
ളവയിലൊക്കെയും പതിച്ചപോൽ തോന്നി.
പനിമലരുകൾ ജലത്തിലിട്ടവെ–
ച്ചനുപമഗന്ധം കലന്നിട്ട 'മത്തർ',
അഭിനവ,മൊരു നിശകൊണ്ടുണ്ടാക്കി–
യഭിധയാൻപോൽ മുഗിലരാജ്ഞിയാൾ.
അകിഞ്ചനാശ്രുവാൽ നനഞ്ഞൊരിപ്പൂക്കൾ
മുകിൽവേണിമാർതൻ മുടിയിൽശ്ശോഭിക്കെ,
അവയിൽനിന്നുറും പ്രതപ്തമാം പനീ–
രവരുടെ ഹൃത്തിലിറങ്ങിച്ചെന്നെങ്കിൽ!

കാനനപ്രാന്തങ്ങളിൽ

[ആധുനികകാലത്തു് ഏറ്റവും അധികം ജനസമ്മതി നേടിയ അമേരിക്കൻ കവികളിലൊരാളായിരുന്ന റോബർട്ട് ഫ്രോസ്റ്റ്. അദ്ദേഹം 1963–ലാണു നിര്യാതനായതു്, 88–ാംവയസ്സിൽ. ഫ്രോസ്റ്റിന്റെ, ചുവടെ ചേർക്കുന്ന കവിതയുടെ ഒടുവിലത്തെ നാലു വരികളാണു പരേതനായ പ്രധാനമന്ത്രി നെഹ്റു തന്റെ മേശപ്പുറത്തുവച്ചിരുന്ന പാഡിൽ കുറിച്ചിട്ടിരുന്നതു്. ആ കവിതയുടെ വിവർത്തനമാണിതു്.]

ആർതൻ വനങ്ങളിവയെ–
ന്നെനിക്കറിയുമെന്നു ഞാൻ
വിചാരിക്കുന്നു,—തൽ ഗേഹം
ഗ്രാമസംസ്ഥിതമെങ്കിലും;

അവന്റെ കാട്ടു തുമഞ്ഞാൽ
നിറയുന്നതു നോക്കി ഞാൻ
ഇവിടത്തിങ്കൽ നില്ക്കുന്ന–
തവൻ കാണില്ലൊരിക്കലും.

എൻ കൊച്ചുകുതിരയ്ക്കേവ–
മുണ്ടായ്ക്കാണുമൊരത്ഭുതം,
എന്തിനായ്, നികടത്തിങ്കൽ
കഷ്ടകാലയമൊന്നുമേ,

ഇല്ലാത്തോരിസ്ഥലത്തിങ്കൽ
വന്നു നില്ക്കേണ്ടിവന്നതും,

തണുത്തുറച്ച പൊയ്ക്കയും
കാട്ടുകൾക്കുമിടയ്ക്കുമേ;

അത്യന്തമിരുൾ ചൂഴ്ന്ന
സന്ധ്യാവേളയിലിങ്ങനെ?

ജീനിമേൽ ഞാന്നിട്ടന്നോരു
മണിവ്രാതത്തെയൊന്നവൻ
കുലുക്കിനാൻ, "കുഴപ്പങ്ങൾ
വല്ലതും സംഭവിച്ചുവോ?"

വേറിട്ടൊരേയൊരുരവ,—
മുണ്ടായി, തലസാനിലൻ
വീശുന്നതും, മൃദുലമാം
മഞ്ഞിൻതുള്ളികൾ വീഴ്വതും

മനോജ്ഞനിബിഡശ്യാമ—
മരണ്യനിര,യെങ്കിലും
എനിക്കനേകവാശ്വാന—
മുണ്ടു പാലിച്ചുകൊള്ളുവാൻ

ബഹുദൂരം നടക്കേണ്ട—
തുണ്ടു നിദ്രയ്ക്കു മുമ്പുതാൻ;
ബഹുദൂരം നടക്കേണ്ട—
തുണ്ടു നിദ്രയ്ക്കു മുമ്പു മേ.

വിണ്ണിലും മണ്ണിലും

മാവുപൂത്തിട്ടും ഗന്ധം
പൂശിയ കുളിർകാറെറൻ
ഭാവനാലതാഗ്രത്തെ—
ത്തടവിക്കളിപ്പിക്കെ,

ലാത്തുകയത്രേ ഞാനെൻ
മുറ്റത്തു,—ഗേഹത്തിൻെറ
ഭിത്തിമേൽ നിഴലോരോ
ചിത്രവേലകൾ ചെയ്യെ.

പകലിൻ സ്വപ്നംപോലെ
പികപഞ്ചമാലാപം
പകർന്നതന്നുള്ളൊരാ
മാവിൻെറ തുംഗാഗ്രത്തിൽ

തെല്ലു വിശ്രമിച്ചെൻെറ
കണ്ണുകൾ തുമഞ്ഞിൻെറ
ചില്ലുവാതിലിലൂടെ
സഞ്ചിതനവ്യോന്മേഷം

വാനിലെ സുകുമാര—
മഞ്ജരീകദംബത്തിൻ
വാരൊളി നുകരുവാൻ
കുതിച്ചുപോകുംനേരം

ഓത്തു ഞാനഷ്ടഗ്രഹ–
യോഗത്തിൻ ഫലത്തിന്നു
പേത്തുമദ്ദൈവജ്ഞന്മാർ
നല്ലിടം വ്യാഖ്യാനങ്ങൾ—

ഏകരാശിയിലെട്ടും
വന്നുകൂടിയാൽപ്പിന്നെ
ലോകത്തിൻ ഗതിയെന്താം
പ്രളയം വന്നേക്കുമോ?

യുദ്ധമെങ്കിലി?—മയൽ–
വീട്ടിൽനിന്നപ്പോൾ കേൾക്കായ്
സ്നിഗ്ധഗൗരവമോലും
മാതൃശാസനശബ്ദം:

"ഓടിയെത്തുന്നു മോനേ,
നിൻ പരീക്ഷകൾ, കണ്ണും
മൂടി നീ മയങ്ങുന്നോ?—
ശീലായ്മ കൊള്ളാം, പക്ഷേ,

തോക്കുകൾക്കിടയിലെ
പ്രാണനിൽനിന്നാണത്രേ
നോക്കു കൈവരുന്നൊരീ
വെള്ളിത്തുട്ടുക,—ളെല്ലാം

ശീട്ടുകേളിയും മറു–
മായി നീ തുലയ്ക്കുന്നു
കോട്ടവായിട്ടന്നല്ലോ,
മയങ്ങാൻ വൈകിക്കാണും!"

പശ്ചിമസമുദ്രത്തി—
ന്നപ്പുറം വിദൂരത്തിൽ
പത്തുകാശിനുവേണ്ടി—
യദ്ധ്വാനിച്ചഹോരാത്രം

വലയുന്നൊരാജ്ജീവ—
നാഥനെയോക്കെ,ദ്ധൂമാ—
വിലമാം നേത്രങ്ങൾ ത—
ന്നണപൊട്ടിയിട്ടുണ്ടാം!

(മാമകവിചാരത്തിൻ
നേരിയ തരംഗമാ—
മാടത്തിന്നകത്തേക്കും
പ്രവഹിച്ചിരിക്കുമോ?)

ഒന്നു ഞാൻ വീപ്പിട്ടപോയ്—
മുകളിൽത്തെളിവാന്നു
മിന്നുമാക്കല പടി—
ഞ്ഞാട്ട ചായുകയായി.

ചിന്തതൻ ചരടിന്മേൽ
മറെറാരു മണികൂടി
ശാന്തമായ് കോത്തീട്ടവാൻ
ഞാൻ മുതിന്നിട്ടും നേരം

നീന്തിയെത്തുന്നു ശബ്ദം
മറെറാന്നു കാറിൽക്കൂടി—
"യെന്തിതു വെട്ടാനാമോ?—
'ക്ലാവ'റ്റുയോ നോക്കാം!"

തെല്ലകലത്തായ് മഞ്ഞു—
തുള്ളികളുറങ്ങുന്ന
പുല്ലണിമൈതാനത്തിൻ
മാറിലിക്കിളി കൂട്ടി

എത്രയും വിദഗ്ദ്ധമാം
കൈകൾതന്നാജ്ഞയ്ക്കൊത്തു
തത്തുകയത്രേ പുത്തൻ
ചീട്ടുകൾ ചട്ടലമായ്.

ക്ലേശയിൽ മുഷിഞ്ഞ തൻ
ബുക്കിലൂടവേ നിദ്രാ—
ഭാരനമ്രമായ്ത്തീർന്ന
കണ്ണുകളിഴയവേ,

ഈ രസോൽഘോഷം കേട്ട
കൂട്ടുകാരുമായ്ച്ചേരാൻ
നീരവം വെമ്പുന്നുണ്ടാ—
മാ യുവാവുതൻ ചിത്തം.

അനിയന്ത്രിതമായ്ത്താൻ
വാസന പറന്നുപോ—
മഴികൾക്കകം ദേഹ—
മാബദ്ധമായാൽപ്പോലും!

റെയിൽ മാറിട്ടം വണ്ടി—
ക്കുള്ള ലാഘവത്തോടെ
സ്വയമെൻ ചിന്താഗതി
മാറി,—നിന്നു ഞാൻ മൂകം.

എന്റെ കാൽച്ചുവിട്ടേറു
ചതഞ്ഞുകിടക്കുന്നു—
ണ്ടെത്രയോ മാമ്പൂക്കളാ—
ച്ചുരലിൽ പലേടത്തും;

അവയെസ്സമീക്ഷിച്ചു
മഞ്ഞുതുള്ളികൾ തുകി.
യവശം തേന്മാവേവ—
മാന്നിടാം വിചാരത്തെ:

'മിക്കതും നശിച്ചുപോയ്',
ബാക്കിയുള്ളതുംകൂടി,—
യിക്കരിങ്കാറിൻ നിര—
യുരുക്കിക്കളയുമോ?'

മണ്ണിന്റെയാശാവേശം,
വിണ്ണിന്റെയൗദാസീന്യം
കണ്ണിനാൽ, കാതാൽ രണ്ടു—
മുൾക്കൊണ്ട ജാതാസ്വാസ്ഥ്യം

ഞാനവയ്ക്കൊരു ലോല—
ഗാനത്തിൻ രൂപം നല്കാൻ
ന്യൂനമുത്സുകനായി
നില്പുമാ മുഹൂർത്തത്തിൽ

താരകസമുദായം
വിറച്ചോ പൂവ്വാധികം

സൈരമായ് *മകരത്തിൽ
മേളിച്ചോർ ചിരിച്ചുവോ?

മാമരക്കൊമ്പത്തെങ്ങോ
മറഞ്ഞു മേവും ക്ലമൻ
മാത്രമൊ,ന്നാരാൽ മൂളീ—
പിടയങ്ങെത്തീലല്ലീ?

---

* മകരംരാശിയിൽ സമ്മേളിച്ച അഷ്ടഗ്രഹങ്ങൾ

ഉജ്ജയിനിയിലേക്ക്

അന്തരീക്ഷത്തിനുമപ്പുറത്തുള്ളതാ—
മന്തരീക്ഷത്തിലും തൻകൊടി നാട്ടുവാൻ
കേറും മനുഷ്യന്റെ ജൈത്രയാത്രാരവം
ധീരമായെങ്ങും പ്രതിദ്ധ്വനിക്കുമ്പൊഴും
ഏതോ വിളികേട്ടപോലേ സമുദ്ദീപ്ത—
ചേതോവികാരമിയന്നുകൊണ്ടെന്തിനോ
നമ്മൾതൻ നൂറ്റാണ്ടു പിന്നോട്ടു നോക്കുന്നു
നിർമ്മലാഹ്ലാദമേ, ജൃംഭിച്ചുകൊൾക നീ!

സ്നീതകൗതൂഹലം മാനുകൾ തുള്ളുന്ന
ശീതളപർവ്വതപാദസ്ഥലങ്ങളിൽ,
സച്ചിൽപ്രകാശൈക ലോലഹൃദന്തങ്ങൾ
സഞ്ചിതാനന്ദം വിടരും വനങ്ങളിൽ
ചുറ്റിത്തിരിഞ്ഞുടൻ മാലിനീനീർക്കണം
പറ്റിപ്പിടിച്ചതാം കാറ്റുമേറ്റങ്ങനെ
ഈ ശതാബ്ദത്തിനേറ്റയാത്മാവനിർവ്വാച്യ—
പേശലാനന്ദപുളകോൽഗമത്തോടേ,
വാസന്തസൗഭാഗ്യകുങ്കുമച്ചെപ്പുകൾ
വാസരംതോറും തുറന്നു ദിക്കൊക്കെയും
സൗരഭംവീശുമക്കാവ്യോദ്യമത്തിനെ
സൈരംവലംവെ,ച്ചതിൻ മുദ്ദുച്ഛായയിൽ

ചെന്നുനില്ക്കുന്നഹാ, നത്രശിരസ്സുമാ,—
യൊന്നു നമോവാകമോതുകെൻ ഭാവനേ!

പ്രത്യഗ്രഭാവനാപല്ലവാരക്തമാ—
മത്തരുശാഖമേൽ വാണുകൊണ്ടല്ലയോ,

ആനന്ദലീനനായ് വിശ്വാത്തരങ്ങളാം
ഗാനങ്ങൾതുകിയതക്കവികോകിലം?

സ്നിഗ്ധവിശാലമാമുജ്ജയിനിക്കെഴും
മുഗ്ധമടിത്തട്ടിൽ വാണുകൊ,ണ്ടുദ്ഗ്രസം

ഏതസാമാന്യപ്രതിഭയോ, പാരിലെ—
സ്നീതതമിസ്രമാം ദുർഗ്ഗമാർഗ്ഗങ്ങളിൽ

പൊൻതിരി നീട്ടി, മനുഷ്യഹൃത്തിൽപ്പെട്ട—
മാന്ധ്യമകറ്റിസ്സമുല്ലസിച്ചൂ ചിരം,

അപ്രതിമോജ്ജ്വലസർഗ്ഗപ്രവീണമാ—
മപ്രതിഭാകരസ്പർശമേറ്റീടവേ,

താന്തമാമീയുഗത്തിൻെറയാത്മാവുണ—
ർന്നന്തരാ പാടുന്നു നിശ്ശബ്ദഭാഷയിൽ:

"ഭാരതം ഭാവൽക്കജന്മസ്മരണതൻ
ഭാസുരവേദിമേൽ വിശ്വമഹാകവേ,

ഭക്തിയാൽ, സ്നേഹാൽ, കൊളുത്തിവെയ്ക്കുന്നിതാ,
ഭദ്രദീപത്തെയൊ,ന്നപ്പൊഴെയ്ക്കുന്തിനോ,

ഹാ, വിറയ്ക്കുന്നിതു, പൊട്ടിത്തെറിക്കുന്നി,—
താവിലം, വാമജ്വലനമായ്ത്തീരുന്നു,

അങ്ങതിൻ കൺകളിലശ്രുപൊങ്ങുമ്പൊഴെ—
യ്ക്കിങ്ങതിൻ മഞ്ജുളമായ നാളാഞ്ചലം!

അത്യുഗ്രമാത്സര്യദുർവ്വിഷദൂഷിത–
സ്വാർത്ഥചിന്തോൽക്കടനിശ്വാസവായ്വിനാൽ

കെട്ടുപോയേയ്ക്കുമോ, ഞങ്ങൾതൻമാനസ–
ത്തട്ടിൽ ജ്വലിക്കുവാൻ വെമ്പുമിക്കെത്തിരി?

ഒട്ടും തളരാത്ത യാന്ത്രികപ്രബുദ്ധനി
കേട്ടുകേട്ടേറ്റം തഴമ്പിച്ച കാതുകൾ

അങ്ങതിൻ ഗാനങ്ങളാസ്വദിച്ചീടുവാ–
നിങ്ങതിമാത്രമശക്തമായേയ്ക്കുമോ?

(എന്തിനീയുൽക്കണ്ഠ സാന്ത്വനൗത്സുക്യമാ–
ണെന്തിലും മീതെയായ് കാണ്മതക്കൺകളിൽ)

നൂതനോദഗ്രവിയോഗവ്യഥാഭാര–
ജാതമാം ബാഷ്പകണങ്ങളെസ്സാദരം

സൈ്വരം 'ഘനീ'ഭൂതമാക്കി,യേതത്ഭുതോ–
ദാരമാം കാവ്യനഭസ്സിൽ നിത്യം ഭവാൻ;

കാലത്രയത്തെപ്പരസ്പരസ്നേഹമാം
ലോലവിശൃംഖലകൊണ്ടു ബന്ധിച്ചഹോ,

ത്വൽകൃതിരത്നങ്ങൾ ശശ്വൽപ്രഭങ്ങളാം
നക്ഷത്രരാശിയായെണ്ണ തിളങ്ങുന്നു;

ഭീതിവിഭ്രാന്തികൾ മുറ്റും വളർത്തുന്ന
ഭൗതികാഗാധഹ്രദങ്ങളിൽനിന്നുടൻ

സ്വച്ഛവിശാലമാമാ നഭോവീഥിയിൽ
സ്വച്ഛന്ദമായിപ്പറന്നുയർന്നീടുവാൻ

ദേവ, ഞങ്ങൾക്കു ചിറകുതന്നുൾക്കളം
പാവനമാക്കിയനുഗ്രഹിയ്ക്കേണമേ!

പൂവിന്റെ കണ്ണുനീർ

[ജവഹർലാൽ നെഹ്റുവിന്റെ സന്തതസഹചാരിയായിരുന്ന റോസാപുഷ്പത്തിന്റെ വിലാപം]

ചില മുള്ളുകൾ നേത്രഗോചരം
ചിലതോ കാണ്മതുമില്ലതിൻവിധം
നലമോട്ടു ചുഴന്നു നിൽക്കിലോ—
ജ്ജ്വലമാകും ഹരിതാഭ ചേർന്നുമേ,

തെളിവാർന്ന ചെടിപ്പടപ്പിൽനി—
ന്നൊളിവീശും സുമസാവ്വഭൗമനായ്
കുളിർസൗരഭമാർന്ന മെത്തവി—
ട്ടൊളിവിൽപ്പുഷ്പലരാഗപൂർണ്ണനായ്,

ഹ,ഹ, ഞാൻ തലപൊക്കി നോക്കവേ
മഹനീയോജ്ജ്വലഭാവനാമൊരാൾ
സ്പൃഹയാന്നൊരു നള്ളലീയെനി—
ക്കീഹ ലാളിച്ചരുളുന്നതോർപ്പു ഞാൻ!

പതനത്തെയറിഞ്ഞിടാത്ത,ശാ—
ശ്വതമാം പച്ചയെയുറുനോക്കുവാൻ
നിതരാമുഴറുന്ന കൗതുകാ—
ന്വിതമാം കൺകളെയിങ്ങു കാണ്മു ഞാൻ.

അനവദ്യനിജാംഗസൗഷ്ഠവാൽ—
പ്പനിനീരിൻസുഷമാസമൃദ്ധിയെ
തനിയേ വിജയിച്ചുമേവിയോ—
രനഘാത്മാവിനെയിങ്ങു കാണ്മു ഞാൻ.

പരമാ മിഴിയിങ്കലാവിലേ—
തരമായ്ത്തങ്ങിയിരുന്ന തുഷ്ടിയും
സരളദ്യുതിയും, നിരന്തര—
സ്മരണൈകാശ്രയമായി, കഷ്ടമേ!

ഇവിടെബ്ബത! വന്നുപോയിട്ടും
സവിഷാദാശയരാം ജനങ്ങളെ
വിവിധം വിലപിക്കുവോരെ, ഞാ—
നവിരാമം, ഹ, ഹ, കാണ്മു ദുസ്സഹം!

ഉദയാസ്തമയങ്ങളിൽജ്ജനം
പദമൂന്നും സുവിശാലശാദ്വലം
കദനാകുലമാകയാൽപ്പുരം
വദനം വാടിയപോലെ കാണ്മുതേ!

വിവരിപ്പതിനായിടാത്തപോ—
ലവർതൻ ഹൃത്തിൽ നിറഞ്ഞിട്ടും വ്യഥ
ശിവനേ, സ്വയമൊത്തുചേന്നതാൻ
പ്രവഹിക്കുന്നിതൊരേവഴിക്കഹോ!

വിരഹാതുരനായ ഞാനുമി—
ദ്ധരയിൽക്കേവലമേകനായിതേ,
കരൾനൊന്തൊരു സന്നമാം സ്മിതാ—
ങ്കുരലേശം—നിലയിത്രമാത്രമാം

പകലിൻപ്രഭയിങ്കലും, കുളിർ—
ത്തികവോലുന്നൊരു വെണ്ണിലാവിലും,
അകതാരലിയിക്കുമശ്ശുഭാ—
ത്മകതേജസ്സു മറഞ്ഞു മാഞ്ഞുപോയ്!

ചാരുശ്രീ ചെമ്പനീർപ്പൂവണിമുദ്ദലതപൂ–
ണ്ടുള്ളൊരിശ്ശാന്തിഭവിൽ–
ത്താരുണ്യപ്പൊൻകിനാവിൻ സുഷമയൊടണയും
മുഗ്ധചൈത്രങ്ങൾ വീണ്ടും;
ചോരും വന്യച്ചുഴൽക്കാറടികളിലിനിയും
പുഷ്പഗന്ധങ്ങ,—ളെന്നാ–
ലാരുണ്ടെൻമുന്നി,ലെല്ലാമിവനൊരു വിഫല–
സ്വാപ്നികച്ഛായമാത്രം!

ശ്രീ രാമലാൽവക്ക എഴുതിയ കവിതയുടെ ഛായാനുവാദം

നാരദന്റെ കണ്ണട

താപത്രയത്തെഴുമീപ്പിച്ചിട്ടന്നൊരാ—
ത്താപിഞ്ചെവണ്ണന്റെ മുന്നിലണഞ്ഞുടൻ

പാരം വിയത്തും, കിതച്ചും, നിരാശതാ—
ഭാരത്തിൽനിന്നെഴും പാരവശ്യത്തൊട്ടും

പ്രക്ഷുബ്ധചിത്തനായ് നിന്ന ചൊല്ലീടിനാൻ
ഭിക്ഷുവിൻ വേഷം ധരിച്ച മുനീശ്വരൻ:

"മുറ്റും വിശന്നു വലഞ്ഞൊരെനിയ്ക്കൊരു
വറ്റും ലഭിച്ചതില്ലാവീട്ടിൽ, നിന്നഹോ!

കല്യാണഘോഷമാണങ്ങു, കേൾപ്പീലയോ
കല്യകോലാഹലധ്വാനങ്ങളിപ്പൊഴും?

മംഗല്യരംഗവിധാനസൗഭാഗ്യമോ
മംഗലഗാത്രിമാർ തന്റെ കൂരവയോ

മാമകവീണയെപ്പോലും പരാജിത—
മാക്കുന്ന നാനാമധുരസംഗീതമോ,

ക്ഷുത്തിനാലേറ്റം വിവശനായുള്ളൊരെൻ
ഹൃത്തിലേയ്ക്കെത്തിയില്ലേതും ജഗൽപതേ!

താവകവിസ്മൃതവക്ഷസ്ഥലോല്ലസൽ—
പ്പാവനമാല്യപരിമളധോരണി

ഹൃദ്യം സമാസ്വദിക്കുന്നൊരെൻ മൂക്കിലാ—
സ്സദ്യതൻ ഗന്ധമടിച്ചുകേറീടവേ,

അങ്ങുയന്നീട്ടമാപ്പുഷ്പകളഭാദി–
മംഗലഗന്ധമസഹ്യമായ്ത്തോന്നി മേ!

തിക്കും തിരക്കും തടയലും, ഭർത്സന–
വാക്കും ഗണിക്കാതെ നേരേ കടന്നു ഞാൻ

കണ്ടപാത്രത്തിലായ്ക്കയ്യിട്ട—വല്ലാത്ത
മണ്ടത്തരം—വിശപ്പെന്തൊരു സാഹസി!

വാരിനിവന്നതി,ല്ലപ്പൊഴെയ്ക്കുൻപുറ–
ത്താരിൽനിന്നോ ജവാൽ വീണു നാലഞ്ചടി!

ആയതസ്നേഹനവിട്ടന്നു കണ്ടാല്യ–
മായതിൻപാട്ടകൾ മാഞ്ഞതില്ലിപ്പൊഴും!"

ii

മാമുനി പിന്നെയും പോയിത്തിരിച്ചെത്തി–
യാമുഖമിപ്പൊഴതത്ഭുതദ്യോതകം.

നീലക്കടമ്പിൻ ചുവട്ടിലപ്പോഴമാ–
നീലവലാഹകസ്നിഗ്ധകളേബരൻ

ഏകാന്തവേളതൻ നിസ്തുല്യമാധുര്യ–
മാകവേ കോലക്കുഴലിലൂടങ്ങിനെ

ആവിഷ്കരിച്ചു രസിക്കയാം, ദ്യോവിനും
ഭൂവിനും നിർവൃതിനൽകിട്ടുംമാതിരി.

ചിന്നിച്ചിതറിയ നീലാളകങ്ങളെ–
ത്തന്നിടംകയ്യാലൊതുക്കിവെ,ച്ചാർദ്രനായ്

സാകൂതമന്ദസ്മിതത്തോടേ ചോദിച്ചു:
"സാധോ, വിശേഷങ്ങളെന്തുണ്ടു? കേൾക്കട്ടെ."

"അങ്ങു കനിഞ്ഞെനിക്കേകിയ ചില്ലിലു—
ടങ്ങു ഞാൻ കല്യാണവീട്ടിൽ നോക്കീടവേ,
കണ്ടേൻ പുലികളെ,ച്ചെന്നായ്ക്കളെ,പ്പെരും—
കണ്ടാമൃഗങ്ങളെ,യുഗ്രസർപ്പങ്ങളെ,
വാനരജാതിയെ,സ്സിംഹാദി മറ്റുള്ള
നാനാമൃഗങ്ങളെ,—യെന്തൊരാശ്ചര്യമാം!
സ്നേഹസത്രുപ, ഭവാനുടെ വായിലേ—
ക്കാഹന്ത, നോക്കിയോരമ്മക്കുപോലവേ,
ഈവിധമന്നു ജനിച്ചിരിക്കില്ല, ഹാ,
ഭീവികമ്പങ്ങളു,മത്ഭുതാവേശവും
ഏകനെ മാത്രമേ മത്സ്യനായ് ക്കണ്ടുള്ള
വേഗമദ്ദേഹം സമാർദ്രമനസ്സനായ്
ചോരും കറികളുമീയുള്ളവന്നേകി—
യേറും വിശപ്പിനു ശാന്തിയുണ്ടാക്കിനാൻ.
എല്ലാം ഭവന്മായ,യല്ലാതെ മറെറന്തു
ചൊല്ലട്ടെ ഞാനെൻെറ ചില്ലതാകന്ദമേ!
ഇക്കലികാലത്തിതുപോലെയുള്ളതൻ
തുക്കയ്യിൽനിന്നൊരു ചില്ലു നേടീടുവാൻ
ആരെങ്കിലുമൊന്നു യത്നിച്ചിരുന്നെങ്കി,—
ലാശിച്ചുപോവുകയാണു ഞാൻ ദൈവമേ!
എന്തെത്ര പുത്തൻകഥകൾ നാം കേൾക്കയി?"—
ല്ലെന്നു കഥിച്ചു മുനീശ്വരൻ നിർത്തവേ.
ഒന്നു ചിരിച്ചുപോയ് മായാമനോഹര—
നിന്നു മന്ദസ്മിതത്തിൻെറയുൾപ്പൊരുൾ
പാടിനടക്കയാണത്രേ സ്വവീണയിൽ
നാടാകെയപ്പൊഴും ചുററുന്നൊരാമുനി.

ആനയും എലിയും

എത്തിനോക്കുകയായീ
പൂർവ്വദിഗ്വലയാന്ത–
ഭിത്തിതൻ മറുഭാഗ–
ത്തിങ്കൽനിന്നുഷസ്സപ്പോൾ

തൻമരപ്പൊത്തിൻമുഖ–
ത്തഞ്ചാറു മഞ്ഞിൻതുള്ളി
നിർമ്മലമണിഞ്ഞെഴും
മാറാലപ്പടപ്പെല്ലാം

ക്ലൃപ്ത നാസയിൽച്ചുറ്റി–
പ്പിണയുംപടിക്കൊന്ന–
ഞ്ഞെത്തി നോക്കിനാനൊരു
മൂഷികൻ പതിവുപോൽ.

തൻപുരോഭാഗത്തെന്തേ
ഭീ വികമ്പിതനായി
വെമ്പുകയായീ വീണ്ടും
മാളത്തിലൊളിക്കുവാൻ!

കാനനമുണർന്നപ്പോ–
ളാവഴിക്കെങ്ങോ പോകും
വാരണത്തിനെയാണു
കണ്ടതാച്ചെറുജീവി.

ക്ഷുദ്രമാം ഹൃദയത്തിൽ
വാച്ചതാം കൗതൂഹല-
സദ്രസം ഭയോദ്രേക-
നിർജ്ജിതമായീടില്യം,

പുഷ്ടമായനുക്രമം
വിസ്മയപ്രകർഷത്താ,-
ലിഷ്ടമായെലിക്കേവ-
മാനയെസ്സമീക്ഷിപ്പാൻ.

ആയതഹസ്താകൃഷ്ട-
ശാഖകളൊടിച്ചുംകൊ-
ണ്ടായവനതേവഴി
നിത്യവും നടക്കുമ്പോൾ

ആരവം കേട്ടാൽ മതി,
മൂഷികനണന്നെത്തി
നീരവമിരിക്കും തൻ
പൂമുഖത്തേകാന്തത്തിൽ;

തിളങ്ങും ചെറുകണ്ണാ-
ലാമഹാസത്വത്തിനെ-
പ്പുളകാഞ്ചിതനായി-
സ്സാദരം നോക്കിക്കാണും;

'എന്തൊരു ഗഭീരത്വ-
മെന്തൊരു കുലീനത്വ-
മെന്തുധൃഷ്യത'യേവം
ഹൃത്തിനാൽ പ്രശംസിക്കും.

* * *

മേദുരകരാഞ്ചല—
നിഗ്ഗളന്നിശ്വാസത്താൽ
പാഴ്മണ്ണിൻപൊടി ചുറ്റും
പറപ്പിച്ചൊരുനാളിൽ

മുന്നിലാ മതംഗജം
വന്നുനിൽക്കവേ, മാള—
തന്നിൽനിന്നെലി വന്നു
പുറത്തേക്കനാശങ്കം.

ആനതന്നരികത്തു
ചെല്ലുകയായീ, മറു
കാനനമൃഗയൂഥം
സോൽക്കണ്ണുമീക്ഷിക്കവേ.

നടന്നു ഗജം; മുന്നോ—
ട്ടാഖുവുമതിൻ നേക്കാ—
യുടനേ ചെന്നു, ഹന്ത,
നിന്നുപോയിരുപേരും.

'എന്തു ധിക്കൃതി'യെന്നു
തെല്ലിട വിചാരിച്ചാ—
ജ്ജന്തുവെക്കാണാത്തപോ—
ലാന പോവുകയായീ.

രണ്ടുനാലടിവേച്ചു—
വെച്ചുകൊണ്ടെലി ചെന്നു
വീണ്ടുമായതിൻനേക്കു
സാത്ഭുതം സമീക്ഷിതൻ.

മുമ്പിലങ്ങനെ നിൽക്കും
ക്ഷുദ്രമാമൗദ്ധത്യത്തെ—
ത്തുമ്പിയാലെട്ടത്തൊന്നു—
കുടഞ്ഞു കരിവീരൻ.

പെട്ടെന്നു ഹാ, ഹാ, ഭയ—
സ്തബ്ധനായ് നിപതിക്കെ—
യോട്ട*'മുക്കാ'ലൊന്നതിൻ
വായിൽനിന്നു ഹാ ചാടി!

* കാലണ

പാടുന്ന പാറ

തിരമാലകളോരോന്നാ—
യെണ്ണിയെത്തും സമീരണൻ
മാമകസ്വേദസാദങ്ങ—
ളൊപ്പിയൊപ്പിയെടുക്കവേ,

അപ്പൊഴും മാഞ്ഞുപോവാതെ
നില്പുമന്തിച്ചുവപ്പിനാൽ
ആ വനപ്രാന്തമൊട്ടാകെ
ശബളാഭയിൽ മുങ്ങവേ,

അങ്ങു ചെങ്കോൽ നടത്തുന്ന
ശാന്തിലക്ഷ്മി കഥിക്കയാം:
"ശ്രദ്ധിച്ചുകേട്ടവോ നീയാ—
പ്പാറതൻ ചാരുഗീതികൾ?"

കുമാരിതന്റെ ഹൃദയം
വികസിക്കുന്നപോലവേ,
എനിക്കു തോന്നി,യാപ്പാറ—
യെന്തോ ചൊൽവതുപോലെയും

സ്നിഗ്ധഭക്ത്യാദരാശ്രുക്കൾ
നിറയും ലോചനങ്ങളാൽ;
അപ്പാറക്കല്ലിനെത്തന്നെ
മൂകനായ് നോക്കിനിന്നു ഞാൻ!

സ്മൃതിതൻ ചുരുളോരോന്നായ്
നിവർന്നു മാത്രകൊണ്ടുമേ;
വിവേകാനന്ദ ചിദ്രൂപ—
മതിൽ മിന്നീ മഹൽപ്രഭം.

പച്ചിലച്ചാത്തിനാൽ വൃക്ഷ—
ജാലം താളംപിടിക്കവേ,
അക്കരിംപാറ പാട്ടുന്ന
നിശ്ശബ്ദസ്സുശ്രുതഭാഷയിൽ:

എന്നെപ്പുമെത്തയാക്കിക്കൊ—
ണ്ടന്നാളേതു യതീശ്വരൻ
ആത്മജ്ഞാനമരന്തൈക—
ധ്യാനത്തിൽ വിലയിച്ചുവോ,

ആർതൻ സമാധിയോഗത്തിൻ
മഹിതോദാരശക്തിയാൽ
പഞ്ചഭൂതങ്ങളാനന്ദ—
നിഷ്പന്ദതപമിയന്നുവോ,

പുണ്യമാമാ നിശീഥത്തി—
ലാർതന്നന്തർവ്വിലോചനം
ധന്യമാമേകചൈതന്യ—
സുന്ദരോദാരബിന്ദുവിൽ,

ആർഷഭൂവിനെയൊട്ടാകെ—
യൊന്നായ് ദർശിച്ചുവോ സ്വയം,
ജലാകാശത്തിലാകാശ—
മണ്ഡലത്തിനെയെന്നപോൽ;

അദ്ഭുതപൂർവ്വമായുള്ളോ—
രേതനിർവാച്യനിർവൃതി
പകർന്നപോലുഡുവ്രാതം
പോലും സ്തംഭിച്ചുനിന്നുവോ,

അദ്യദിവ്യയതിവര്യന്റെ
പുണ്യസമ്പർക്കമേല്ക്കയാൽ
മദീയജന്മമത്യന്തം
ധന്യമായ് ഞാനീ നിശ്ചയം."

തമസ്സു തിങ്ങിവിങ്ങീട്ട—
മെൻ മനോഗ്രഹയിങ്കല്യം
സാത്വികശ്രീമയൂഖങ്ങ—
ളുങ്കുരിപ്പിച്ചിട്ടുംവിധം

ഈമട്ട പാട്ടമാമൂക—
ഗായകൻതന്റെ മുമ്പിൽ ഞാൻ
എന്തെന്തു ചെയ്തതില്ലപ്പോൾ
ഭക്ത്യാവേശപരിപ്ലുതൻ?

ആ മഹാത്മാവുതൻ പുണ്യ—
ശ്വാസമുൾക്കൊണ്ട വായു ഞാൻ
തെല്ലെങ്കിലും ശ്വസിച്ചല്ലോ
'ഭാഗ്യം!' മന്ത്രിച്ചു മന്മനം.

വെട്ടുകിളികൾ

പോകുവിൻ ദൂരത്തു വെട്ടുകിളികളേ,
പോകുവിൻ വേഗം, വിനാശബീജങ്ങളേ!

ദുസ്വപ്നലേശങ്ങൾപോലവേ, ഞങ്ങൾ തൻ
ഭാസ്വരക്ഷേത്രപരിസരഭൂമിയിൽ,
സൈ്വരം സമാക്രമചിന്തയെ ലാളിച്ചു
നീരവം നിങ്ങളിരിപ്പതെന്തിപ്പൊഴും?

എത്രയോ രാത്രിയുറക്കമിളച്ചുമി–
ങ്ങെത്രയോ വേർപ്പുനീർ മേന്മേലൊഴുക്കിയും
കാത്തുരക്ഷിച്ചൊരീയക്ഷയ്യസുക്ഷേത്ര–
മുത്തുംഗമംഗല്യരംഗമായീടവേ,
സ്ഫീതകൗതുഹലശാലികൾ ശാലികൾ
സ്വാതന്ത്ര്യവായുവിലാടിക്കളിക്കവേ,
വാരിളം മഞ്ഞനിറമെഴും മേദുര–
വാരിദശ്രേണിപോൽ ദുർദ്ദർശനങ്ങളായ്

നിങ്ങളതിമാത്രവേഗാൽ പറന്നെത്തി,
നിസ്സീമലോഭപ്രചോദിതചിത്തരായ്,
ഈ മഞ്ജുകേദാരമൊറ്റക്ഷണംകൊണ്ടു
നാമാവശേഷമാക്കീടുവാനെന്നപോൽ!
എന്നാൽ ഫലിച്ചിതോ? യുഷ്മദഭിവാഞ്ഛര–
യെന്നും ജലരേഖതന്നെയായ് നിന്നിടും!
വഞ്ചനയ്ക്കുമോ സത്യവലയിത–
കാഞ്ചനദൃഷ്ത്തിനുള്ളിൽ കടക്കുവാൻ?

ചുറ്റിലും വന്ന ദുരാശയെക്കേവലം
നൊട്ടിനുണഞ്ഞുതെ, നാശം വരിക്കാതെ,
പോകുവിൻ പിന്നോട്ട വെട്ടകിളികളേ,
പോകുവിൻ വേഗം വിനാശബീജങ്ങളേ!

ഹന്ത, ശമഗുണോല്ലാളിതം ഭാരത—
സ്വാന്ത,മെന്നാകിലു,മേറമടിയിലായ്,
ആണവശക്തിയെപ്പോലും കൃപാനമ്ര—
മാക്കുമാറുണ്ടാരു ദാഹകചൈതന്യം:
കേറിക്കളിച്ചതു തട്ടിയുണത്താതെ
ദൂരവേ, പോകുവിൻ വെട്ടകിളികളേ!

ചൈനീസ് ആക്രമണകാലത്തെഴുതിയതു്.

കന്യാകുമാരിയിൽ

മുനമ്പിലെത്തി ഞാൻ;—കരളിലെ സൂചീ—
മുനകളോരോന്നാ,യടർന്നുപോകയായ്,

അരിയമുന്തിരിപ്പഴത്തിൻെറ നിറം
തിരളുമന്തികസമുദ്രത്തിൻ ചുണ്ടിൽ

അഴകിൽച്ചെമ്മദ്യ ചഷകംചേർത്തുവെ—
ച്ചുനങ്ങാതെനിൽപ്പൂ മദാലസ സന്ധ്യ.

നനഞ്ഞുതുടങ്ങിയോരിതൾപോലെ, മീതെ
നഭസ്സു മേവുന്ന വിചാരമൂകമായ്;

പ്രപഞ്ചപുഷ്പത്തിൻ വികസനംതൊട്ടീ—
പ്രണയനിസ്തുലവിമോഹനരംഗം

അനുദിനമെത്ര ഹൃദന്തരങ്ങളി—
ലനുപമാനന്ദമധു പകർന്നുപോയ്!

അനാദ്യന്ത,മെന്നാൽ, ക്ഷണികമീദൃശ്യ—
മയവിറക്കയോ നിഭൃതമായ് വ്യോമം?

തുലോം കുറ,ഞ്ഞൊരു ചെറിയ വൃത്തത്തിൽ
വിലോകനശക്തിയൊതുങ്ങയെങ്കിലും,

കരളും കണ്ണുമിദ്ദിനപരിണാമ—
കലവിയിലാകെ മുഴുകിപ്പോകയാൽ

വിമുഗ്ധമാകുമെൻ വിഭാവനാമേഘ—
വിതാനവും കാർവില്ലുണിഞ്ഞപോൽത്തോന്നി!

'കുമാരി'തൻ നാസാമണിപ്രഭാങ്കുര—
സമാനമാം രണ്ടു തരളതാരകൾ,

മികച്ച പാവ്വണശശിപ്രഭാരസം
മുകന്നു വാരിധി മദിപ്പതുകാണ്മാൻ

ധൃതി കലന്നപോൽ പതുങ്ങി നിൽക്കയാം
ക്ഷിതിജസീമയിലതാന്തകൗതുകം.

ചുവട്ടിൽ മിന്നിട്ടും വിശാലനീലിമ—
സ്സുവണ്ണ്യഗാംഭീര്യമിയറിട്ടുംവിധം

വെളുത്ത പന്തയക്കുതിരകൾ മേന്മേൽ
തളച്ചുയെന്നിയേ കുതിച്ചു ചാടുമ്പോൾ

ഒരു നവോന്മേഷപരിവേഷമെങ്ങു—
മൊരു മഹോത്സവസുനിർവൃതിലയം!

പലപല മൃദുസുഗന്ധവും വഹി—
ച്ചലസമായ് വീശിക്കുളിരിളംതെന്നൽ

അവിടെ സുസ്ഥിരപ്രതിഷ്ഠയായ്, നിത്യ—
യുവത്വമാൻകൊണ്ടരുളും ദേവിയെ

ചരിത്രത്തിൻ പശ്ചാത്തലത്തിലൂടവേ
ചരിക്കും ഹൃത്തിൽ ഞാൻ സമീക്ഷിച്ചു നില്പൂ

ഉദിച്ചു പൊങ്ങിട്ടും സുധാംശുമണ്ഡല—
പ്രതിബിംബമിഷാൽ തരംഗക്കൈകളിൽ

ഉടനുടൻ വെള്ളിക്കുടങ്ങളേന്തിയ—
ക്കടൽ തുടങ്ങുന്നു കുമാരിയാൾക്കർഘ്യം,

പ്രണവമഞ്ജുളമണികാഞ്ചനം, കാറിൽ
പ്രസന്നമായ് നീന്തിവരുന്നതോടൊപ്പം!

★

കുസുമേ കുസുമോൽപത്തി

സി. പി. ഗോപിനാഥൻനായർ

ആത്മാവിഷ്കാരമാണു് കവിത. പ്രകൃതിയുമായുള്ള നിരന്തരസമ്പർക്കത്തിൽനിന്നു സഞ്ചയിക്കപ്പെടുന്ന സ്വാനുഭൂതികൾക്കു് സമുചിതമായ രൂപം നൽകുകയാണു കവി ചെയ്യുന്നതു്. ഇവിടെയും, സ്വഹൃദയത്തിലുളവായ സൂക്ഷ്മമൃദുലഭാവങ്ങൾക്കു് ചൈതന്യവത്തായ പ്രകാശനം നൽകിയിരിക്കുകയാണു് കവി. കാവ്യാസ്വാദനത്തിന്റെ പരമലക്ഷ്യമായ ജീവിതസംസ്മരണത്തിലേക്കു വായനക്കാരെ കൂട്ടിക്കൊണ്ടുപോകുവാൻപോന്ന കവിതകളാണു് ഇതിലുള്ളതു്. കവിയുടെ സൗന്ദര്യബോധത്തിന്റെ ഉറവുചാലുകളിൽനിന്നുറിവരുന്ന രൂപഭാവോജ്ജ്വലമായ കാവ്യസങ്കീർത്തനങ്ങളാണിവ. 'തെരുവിലെ മാൻകുട്ടി', 'ഉജ്ജയിനിയിലേക്കു്', 'ചൂടുള്ള പനിനീർ', 'തീവണ്ടിയിൽ', 'വിണ്ണിലും മണ്ണിലും', 'നാരദന്റെ കണ്ണുട', 'ആനയും എലിയും', 'പാട്ടന്ന പാറ' തുടങ്ങി പതിനഞ്ചു കവിതകളും ഇതിൽ സമാഹരിച്ചിരിക്കുന്നു. ആദർശങ്ങളുടെയോ ആവശ്യങ്ങളുടെയോ വക്താവായി നിൽക്കാതെ വായനക്കാരിൽ ഉന്നതാദർശങ്ങളും ഉളവാക്കാനും, സുന്ദരവും സുഭദ്രവും ആയ ഒരു സാമൂഹ്യജീവിതത്തിനാവശ്യമായ ധാർമ്മിക ചോദനകളും ഉത്തേജിപ്പിക്കാനും ശ്രമിക്കുന്ന ഒരു കവിയെ 'കുസുമേ കുസുമോൽപത്തി'യിലൂടെ നമുക്കു കണ്ടെത്താം.

നാഷനൽ ബുക്ക്സ്റ്റാൾ, കോട്ടയം
തിരുവനന്തപുരം എറണാകുളം തൃശ്ശൂർ
പാലക്കാടു് കണ്ണൂർ കൊല്ലം